പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 3507 — 12-12-2014 ൽ മറുപടിക്ക്

**തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയുടെ നിയമാവലി**

ചോദ്യം

ശ്രീമതി . ഗീതാ ഗോപി

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതിയുടെ നിയമാവലി അനുസരിച്ച് പദ്ധതിയുടെ ചെയർമാൻ പദവി വഹിക്കേണ്ടത് ആരാണ് എന്ന് അറിയിക്കുമോ; നിയമാവലി യുടെ പകർപ്പ് ലഭ്യമാക്കുമോ;<br><br>(ബി) നിലവിൽ പദ്ധതിയുടെ ചെയർമാനായി സർക്കാർ നിയോഗി ച്ചിരിക്കുന്നത് ആരെയാണെന്ന് അറിയിക്കുമോ;<br><br>(സി) പ്രസ്തുത നിയമനം നിയമാവലി യിലെ വ്യവസ്ഥകൾക്ക് വിധേയമായി ട്ടാണോ നടത്തിയിരുന്നത് എന്ന് വിശദമാക്കുമോ; നിയമന ഉത്തര വിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br><br>(ഡി) ചെയർമാൻ പദവിയിൽ നിന്ന് തൃശ്ശൂർ ലോകസഭാംഗത്തെ ഒഴിവാക്കി യതിന് കാരണം വിശദീകരിക്കുമോ;<br><br>(ഇ) പദ്ധതിയുടെ നിയമാവലി അനുശാസിക്കുംവിധം തൃശ്ശൂർ എം.പി.യെ ചെയർമാനാക്കി നിയമി ക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും | തൃശ്ശൂർ-പൊന്നാനി കോൾ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള സമഗ്ര കോൾനില വികസന പദ്ധതിയുമായി ബന്ധപ്പെട്ട് കോൾനില വികസന സമിതിയും, കോൾ വികസന കൗൺസിലും രൂപീകരിച്ചിരുന്നു. അതിന് പ്രത്യേകം നിയമാവലി സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത കോൾ വികസന സമിതിയുടെ ചെയർമാനായാണ് ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ എം.പി -യെ നിയമിച്ചിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. തൃശ്ശൂർ ലോകസഭാംഗത്തെ ഒഴിവാക്കിയതല്ല.<br><br>"തൃശ്ശൂർ-പൊന്നാനി കോൾനില വികസന കൗൺസിൽ" എന്ന പേരിൽ രൂപീകരിച്ച സൊസൈറ്റിയുടെ ബൈലാക്ക് അംഗീകാരം നൽകണമെന്ന ജില്ലാകളക്ടറുടെ അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - സമഗ്ര കോൾ വികസന പദ്ധതി-കോൾനില വികസന സമിതി പുനസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൃഷി (ഐ.എഫ്.എ) വകുപ്പ്

സ.ഉ (എം.എസ്) നം. 178/2014/കൃഷി തീയതി, തിരുവനന്തപുരം, 22-8-2014

പരാമർശം -1. സ.ഉ. (എം.എസ്) നം. 233/12/കൃഷി തീയതി 8-10-12

2. സ.ഉ. (എം.എസ്) നം. 49/13/കൃഷി തീയതി 12-3-13

3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 20-5-2014 ലെ എ 28/2013/കെ.എൽ.ഡി.എസ് നമ്പർ കത്ത്

4. തൃശ്ശൂർ ജില്ലാ കളക്ടറുടെ 2-2-2014 ലെ എ 14/2014/കെ.എൽ.ഡി.എസ് നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം കോൾ വികസന സമിതിയും കോൾ വികസന കൗൺസിലും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തൃശ്ശൂർ പൊന്നാനി കോൾനിലങ്ങളുടെ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കോൾ നില വികസന സമിതി പുനസംഘടിപ്പിക്കണമെന്ന് സൂചന 3 പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു.

മലപ്പുറം ജില്ലയിലെ ശ്രീ.കെ.നാരായണനെ കോൾനില വികസന സമിതി അംഗമാക്കണമെന്ന അപേക്ഷ സൂചന 4 പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ സമഗ്ര കോൾ നില വികസന പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ച കോൾനില വികസന സമിതിയുടെ ചെയർമാനായി ശ്രീ.പി.സി ചാക്കോയ്ക്ക് പകരം പൊന്നാനി എം.പി ശ്രീ.ഇ.റ്റി മുഹമ്മദ് ബഷീറിനെ നിയമിച്ചുകൊണ്ടും മറ്റ് അംഗങ്ങളെ അതേപടി നിലനിർത്തിക്കൊണ്ടും ഉത്തരവാകുന്നു.

കൂടാതെ ശ്രീ.കെ.നാരായണനെ (കിഴക്കേക്കര വീട്, പി.ഒ.പിടാവനൂർ, മലപ്പുറം-679574) കോൾനില വികസന സമിതിയിൽ ഒരു മെമ്പറായും നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.കെ.മോഹനൻ,
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാകളക്ടർ, തൃശ്ശൂർ/മലപ്പുറം
കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കൃഷി (പി.പി.എം.സെൽ) വകുപ്പ്
പ്രിൻസിപ്പൽ കൃഷി വകുപ്പ് ഓഫീസർ, തൃശ്ശൂർ/മലപ്പുറം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
കൃഷി (കൃഷി) വകുപ്പ്
ഐ.ആൻറ് പി.ആർ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ